"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ഭവനനിർമ്മാണ വകുപ്പ്- കേരള സംസ്ഥാന ഭവനനിർമ്മാണ ബോർഡ്- കണ്ണൂർ ജില്ലയിലെ ആശ്വാസ് വാടക വീട് പദ്ധതി- തുക അനുവദിച്ച്-ഉത്തരവ് പുറപ്പെടുവിക്കുന്നു

---

**ഭവനനിർമ്മാണ (എ) വകുപ്പ്**

സ.ഉ.(സാധാ) നം.22/2026/HSG    തീയതി,തിരുവനന്തപുരം, 24-08-2026

---

പരാമർശം:-
1. സ.ഉ. (സാധാ) നം. 29/2021/HSG തീയതി 26.06.2021
2. 29.05.2026, 17.06.2026-തീയതികളിലെ കേരള സംസ്ഥാന ഭവനനിർമ്മാണ ബോർഡ് സെക്രട്ടറിയുടെ KSHB-HO/175/2026-AF1 നമ്പർ കത്തുകൾ.

**<u>ഉത്തരവ്</u>**

6 കോടി രൂപ ചെലവഴിച്ച് കണ്ണൂർ മെഡിക്കൽ കോളേജിന് സമീപം ആശ്വാസ് വാടക വീട് പദ്ധതി നടപ്പിലാക്കുവാൻ പരാമർശം 1 പ്രകാരം ഭരണാനുമതി നൽകിയിരുന്നു

2. കണ്ണൂർ ജില്ലയിലെ ആശ്വാസ് വാടക വീട് പദ്ധതിയുടെ പൂർത്തീകരണത്തിനായി കോൺട്രാക്ടർ സമർപ്പിച്ച ആകെ ₹73,09,268/- രൂപയുടെ ബില്ലുകൾ നൽകുവാനും പദ്ധതിയിലേക്ക് ഫർണ്ണീച്ചർ വാങ്ങിയ ഇനത്തിൽ Artco Ltd.-ന് ₹15,13,082/- രൂപ നൽകുവാനും, Fire Noc ലഭിയ്ക്കുന്നതിനായി അടയ്ക്കേണ്ടതായ ₹21,320/- രൂപയും ഉൾപ്പെടെ ആകെ ₹88,43,670/- അടിയന്തിരമായി റിലീസ് ചെയ്യണമെന്ന് ഭവനനിർമ്മാണ ബോർഡ് സെക്രട്ടറി പരാമർശം 2 പ്രകാരം അഭ്യർത്ഥിക്കുകയുണ്ടായി.

3 . സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും, കണ്ണൂർ ജില്ലയിലെ ആശ്വാസ് വാടക വീട് പദ്ധതിയുമായി ബന്ധപ്പെട്ട്, കോൺട്രാക്ടർ സമർപ്പിച്ച CCV & പാർട്ട് ബിൽ തുകയായ ₹73,09,268/-, Artco Ltd.-ന് നല്കാനുള്ള ഫർണ്ണീച്ചർ ബിൽ തുകയായ ₹15,13,082/-, Fire NOC ലഭിയ്ക്കുന്നതിനായി അടയ്ക്കേണ്ട തുകയായ ₹21,320/- ഉൾപ്പെടെ ആകെ ₹88,43,670/- ( എൺപത്തി എട്ട് ലക്ഷത്തി നാല്പത്തി മൂവായിരത്തി അറുനൂറ്റി എഴുപത് രൂപ മാത്രം), നടപ്പ് സാമ്പത്തികവർഷം, 4216-80-201-97 എന്ന ശീർഷകത്തിൽ നിന്നും, കേരള സംസ്ഥാന ഭവനനിർമ്മാണ ബോർഡിന് ചുവടെ പറയുന്ന ഫണ്ട് റിലീസ് വ്യവസ്ഥകൾക്ക് വിധേയമായി അനുവദിച്ച് ഉത്തരവാകുന്നു.

1. 16.04.2018-ലെ സ. ഉ. (പി) നം. 62/2018/ധന-യിലെ വ്യവസ്ഥയ്ക്ക് വിധേയമായി ടി തുക ട്രഷറിയിലെ PSTSB അക്കൗണ്ടിൽ മാത്രമേ നിക്ഷേപിക്കാൻ പാടുള്ളൂ.
2. 09.12.2008-ലെ സർക്കുലർ നം. 84/2008/ധന-യും 30.01.2018-ലെ സർക്കുലർ നം. 08/2018/ധന-ലെയും വ്യവസ്ഥകൾ കൃത്യമായി പാലിക്കേണ്ടതാണ്.
3. അനുവദിച്ച തുകയുടെ വിശദമായ ചെലവ് പത്രികയും 09.01.2020-ലെ സ. ഉ. (കൈ) നം.

04/2020/ധന പ്രകാരമുള്ള ധന വിനിയോഗ സർട്ടിഫിക്കറ്റും തുടർന്നുള്ള റിലീസിന് മുമ്പ് ധന വകുപ്പിന് സമർപ്പിക്കേണ്ടതാണ്.

4. വർഷാവസാനം വിനിയോഗിക്കുവാൻ സാധിക്കാതെ വരുന്ന തുക സർക്കാർ അക്കൗണ്ടിലേയ്ക്ക് തിരിച്ചടക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ഷൈജ സി ജി

അഡിഷണൽ സെക്രട്ടറി

1. സെക്രട്ടറി, കേരള സംസ്ഥാന ഭവനനിർമ്മാണ ബോർഡ്, തിരുവനന്തപുരം
2. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരള, തിരുവനന്തപുരം
3. അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം
4. ധനകാര്യ (പി.യു. സി) വകുപ്പ് (3025435/PU-C3/9/2025-FIN dated 21.08.2026)
5. വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ് ✓
6. കരുതൽ ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Digitally signed by
Krishnakumar S
Date: 24-08-2026
17:03:00

സെക്ഷൻ ഓഫീസർ